# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLVIII | April 2018 | No. 04


| | | |
|---|---|---|
| | **ARTICLES** | ***page*** |
| രാമചന്ദ്രഗുഹ | നമ്മുടെ കാടുകൾ സ്വകാര്യവത്കരിക്കു-ന്നതിന്റെ അപകടങ്ങൾ [മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2018 ഏപ്രിൽ 22–28] | 1-6 |
| വി.കെ.ബാബുപ്രകാശ് | സർഗ്ഗാത്മക നിയമസഭ [കലാകൗമുദി, 2018 ഏപ്രിൽ 15] | 7-16 |
| Pragna Paramita Mondal<br>Achin Chakraborty | In Search of Non-tangential Premises<br>The Surrogacy (Regulation) Bill, 2016<br>[Economic & Political Weekly, 7 April, 2018] | 17-28 |
| A.G. Noorani | Media and the Higher Judiciary<br>[Frontline, April 27, 2018] | 29-35 |
| | **BOOK REVIEW** | |
| Swarnalatha Rangarajan | Mother earth tales<br>'Nature, Culture and Gender : Re-reading the folktale' written by P.Mary Vidya Porselvi<br>[Frontline, April 13, 2018 ] | 36-39 |
| | **LEGISLATIVE BUSINESS** | |
| | Resume of Business - 7th and 8th Session of the 16th West Bengal Legislative Assembly | 40-48 |

FOCUS



# നമ്മുടെ കാടുകൾ സ്വകാര്യവത്കരിക്കുന്നതിന്റെ അപകടങ്ങൾ

**രാമചന്ദ്രഗുഹ**

ചിപ്കോക്കുപിന്നാലെ, രാജ്യത്താകമാനം, കാടിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനായി സമരപരമ്പരകൾ തന്നെ അരങ്ങേറി; ബസ്തറിൽ, ഗഡ്ചിരോളിൽ, സിങ്ബത്തിൽ, പശ്ചിമഘട്ടത്തിൽ. ഈ സാമൂഹിക പ്രസ്ഥാനങ്ങൾ വനനയങ്ങളുടെ ചരിത്രത്തെക്കുറിച്ച് പഠിക്കാൻ പണ്ഡിതർക്ക് പ്രേരണയായി. ബ്രട്ടീഷ് ഭരണം എങ്ങനെ വനപ്രദേശങ്ങളിൽ നിന്ന് ഗ്രാമീണസമൂഹങ്ങളെ കുടിയൊഴിപ്പിച്ച് അവയെ സംരക്ഷിതവനങ്ങളാക്കി മാറ്റി എന്നതിനെപ്പറ്റി പുസ്തകങ്ങളും ഉപന്യാസങ്ങളും രചിക്കപ്പെട്ടു. കർഷകർക്കും കൈത്തൊഴിലുകാർക്കും ആദിവാസികൾക്കും ഈ പ്രദേശങ്ങളിലേക്കുള്ള പ്രവേശനം നിഷേധിക്കപ്പെട്ടു. ഇന്നീ പ്രദേശങ്ങൾ കടുത്ത വാണിജ്യ ചൂഷണത്തിന്റെ ഇടങ്ങളുമായി.

സ്വാതന്ത്ര്യം നേടുന്ന സമയത്ത്, രാജ്യത്തെ ഏതാണ്ട് 20 ശതമാനത്തിലധികം ഭൂപ്രദേശം വനംവകുപ്പിന്റെ നിയന്ത്രണത്തിലായിരുന്നു. നിർഭാഗ്യവശാൽ, ജനാധിപത്യപരമാധികാരരാഷ്ട്രം കൊളോണിയൽ രാജ്യത്തിന്റെ ക്രൂരവും നിഷേധാത്മകവുമായ വനനയങ്ങൾ തുടർന്നുകൊണ്ടിരുന്നു. അതേസമയം, വാണിജ്യാവശ്യങ്ങൾക്കായി, പ്രത്യേകിച്ചും പ്ലൈവുഡ്, പേപ്പർ മുതലായ വ്യവസായങ്ങൾക്കായി, മരം വെട്ടുന്നത് വൻതോതിൽ കൂടി. അങ്ങനെ, സ്വാതന്ത്ര്യാനന്തര വനനയങ്ങൾ സാമൂഹിക ധ്രുവീകരണത്തിനും കനത്ത പാരിസ്ഥിതിക തകർച്ചയ്ക്കും കാരണമായി.

ചിപ്കോ പോലെയുള്ള പ്രസ്ഥാനങ്ങളും, അതിനുശേഷം വന്ന പഠനങ്ങളും വനനയങ്ങളിലെ മുൻഗണനകളിൽ പുനർനിർണയം വേണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ, 1988-ൽ ഒരു പുതിയ വനനയം രൂപവത്കരിച്ചു. അത്, വാണിജ്യചൂഷണങ്ങളെക്കാൾ പാരിസ്ഥിതിക സുസ്ഥിരതയ്ക്കും ഉപജീവന സംരക്ഷണത്തിനും ഊന്നൽ നൽകുന്നതായിരുന്നു. പ്രത്യേകിച്ച് ഗുണമുള്ളവ



അല്ലായിരുന്നിട്ടും വിദേശവൃക്ഷങ്ങൾ നട്ടുവളർത്തുന്ന രീതി പിന്നീട് പ്രോത്സാഹിപ്പിക്കപ്പെടാതെയായി. മറ്റൊന്ന് സ്വകാര്യവ്യവസായങ്ങൾക്ക് ഒരു കാലത്ത് നൽകിയിരുന്ന ഭീമമായ ധനസഹായങ്ങളായിരുന്നു- ഉദാഹരണത്തിന്, പേപ്പർ മില്ലുകൾക്ക് ടണ്ണിന് ഒരു രൂപ നിരക്കിൽ കർണാടക വനംവകുപ്പ് മുള നൽകിയിരുന്നു. അതേസമയം, മുളയുപയോഗിച്ച് കുട്ടമെടയുന്നവർക്ക് വിപണി വിലയായ ടണ്ണിന് അയ്യായിരം രൂപ എന്ന തോതിൽ നൽകേണ്ടിയിരുന്നു. ഇതും പിന്നീട് പിൻവലിച്ചു.

പല കാര്യങ്ങളിലും അപൂർണമായിരുന്നുവെങ്കിലും, 1988-ലെ വനനയം, മുൻകാലങ്ങളിലെ തെറ്റുകൾ തിരുത്തുന്നതിലുള്ള ആദ്യ ചുവടുവെപ്പായി മാറി. 2007-ൽ പാസ്സാക്കിയ വനാവകാശ നിയമം ആയിരുന്നു ഈ പാതയിലെ രണ്ടാമത്തെ ചുവടുവെയ്പ്. തങ്ങളുടെ ഉപജീവനത്തിനായി ആദിവാസികൾ പ്രത്യേകിച്ചും വനവിഭവങ്ങളെയാണ് ആശ്രയിച്ചിരുന്നത് എന്ന് മനസ്സിലാക്കുന്നതായിരുന്നു ഈ നിയമം. സ്വകാര്യ കമ്പനികളെ സഹായിക്കുന്നതിന്റെ ഭാഗമായി ആദിവാസി സമൂഹത്തോട് കടുത്ത വിവേചനമനോഭാവത്തോടെയാണ് മുൻകാല ഭരണകൂടങ്ങൾ പെരുമാറിയിരുന്നത്. പുതിയതായി വന്ന നിയമം ഇതിൽ മാറ്റം വരുത്തി. ഓരോ ആദിവാസി കുടുംബങ്ങൾക്കും ചെറിയ തുണ്ട് സർക്കാർ ഭൂമി സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനുള്ള അനുമതിയുണ്ടായി. ഒപ്പം, ഗ്രാമസമൂഹങ്ങൾക്ക് കൂട്ടമായി മുളയിൽനിന്നും തടിമരങ്ങളൊഴികെയുള്ള മറ്റെല്ലാ വനഉത്പന്നങ്ങളിൽ നിന്നും വിളവെടുക്കാമെന്നും വ്യവസ്ഥയുണ്ടായി.

സാമൂഹികനീതിയും പാരിസ്ഥിതിക സുസ്ഥിരതയും രണ്ടും, നമ്മുടെ ജനാധിപത്യവാഴ്ചയുടെ ഭാവിക്ക് നിർണായകമായ ഘടകങ്ങളാണ്. ഈ രണ്ടു ലക്ഷ്യങ്ങളും നിറവേറ്റാൻ പ്രതിജ്ഞാബദ്ധരായ ഭരണകൂടം, നമ്മുടെ വനനയങ്ങൾ വനത്തെ ആശ്രയിച്ചു ജീവിക്കുന്ന സമൂഹങ്ങളെ കഴിയുന്നത്ര ഉൾക്കൊള്ളിക്കുന്നതും പാരിസ്ഥിതികമായി ഉത്തരവാദിത്വമുള്ളതുമായ ദിശയിലേക്ക് നയിക്കാനാണ് ശ്രമിക്കുക. എന്നാൽ, ഇതിനുപകരം, കഴിഞ്ഞ മൂന്നു ദശകങ്ങളിലായി നേടിയ എളിയ നേട്ടങ്ങളോട് പ്രതിലോമപരമായ നിലപാടാണ് നിലവിലെ സർക്കാർ സ്വീകരിക്കുന്നത്. സ്വകാര്യ കോർപ്പറേറ്റ്



മേഖലയെ വീണ്ടും രാജ്യത്തിന്റെ വന നയങ്ങളുടെ ഗുണഭോക്താക്കളാക്കാനാണ് അവർ തുനിയുന്നത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം മാർച്ച് 14 ന് പുറത്തുവിട്ട 'വനനയത്തിന്റെ കരട്' വായിച്ചാൽ സംശയരഹിതമായി എത്തിച്ചേരാവുന്ന നിഗമനമാണിത്.

കാടുകൾ 'മനുഷ്യന്റെ അതിജീവനത്തിന് ഏറ്റവും ഒഴിച്ചുകൂടാനാകാത്തതാണ് എന്നെല്ലാമുള്ള മധുരമൂറുന്ന വാക്യത്തോടെയാണ് പ്രമാണം തുടങ്ങുന്നത്. 'നിലവിലുള്ളതും ഇനി വരാനിരിക്കുന്നതുമായ തലമുറയിലെ ജനങ്ങളുടെ പരിസ്ഥിതിയും ഉപജീവനവും സംരക്ഷിക്കുന്നതായിരിക്കണം' വനനയങ്ങൾ എന്നും അത് അവകാശപ്പെടുന്നുണ്ട്. കാലാവസ്ഥ വ്യതിയാനം ശമിപ്പിക്കുന്നതിന് കാടുകൾക്കുള്ള പങ്കിനെക്കുറിച്ചും അതിൽ പറഞ്ഞുപോകുന്നുണ്ട്. എന്നാൽ, ധർമശൈലീപ്രയോഗങ്ങളുടെ മൂന്നു പേജുകൾക്കുശേഷം വരുന്ന ഖണ്ഡിക തുടങ്ങുന്നത്; മിക്ക സംസ്ഥാനങ്ങളിലും കാട്ടുമരങ്ങളുടെ ഉത്പാദനക്ഷമത മോശമാണ് എന്നു പറഞ്ഞുകൊണ്ടാണ്. അത് അവസാനിക്കുന്നതാകട്ടെ കൊല്ലുന്ന ഒരു വാക്യത്തോടെയുമാണ്: 'രാജ്യത്തെ വനസാന്ദ്രത കൂട്ടുന്നതിനായി, വനം വകുപ്പിനെയും, വനവികസന കോർപ്പറേഷനുകളെയും, പൊതുമേഖലാ സ്ഥാപനങ്ങളെയും, ഉൾപ്പെടുത്തിക്കൊണ്ട് പ്രാദേശിക പ്രാധാന്യമുള്ള സ്വകാര്യ-പൊതുമേഖലാ പങ്കാളിത്തം രൂപപ്പെടുത്തും.'

പത്തുപേജുകളിലേക്ക് നീളുന്നതാണ് ഡ്രാഫ്റ്റ് നയം കൂടാതെ, (മിക്ക സർക്കാർ പ്രമാണങ്ങളും പോലെ) മോശമായി എഴുതപ്പെട്ടതും ആവർത്തനവിരസവുമാണ്. നല്ലൊരു ഭാഗവും യാതൊരു പ്രത്യേകതയുമില്ലാത്തതാണ്. എന്നിരുന്നാലും, വൻകിട കോർപ്പറേറ്റുകൾക്കു മാത്രം ചൂഷണം ചെയ്യാൻ അനുമതി നൽകുന്ന ചില പഴുതുകൾ സുഖിപ്പിക്കുന്ന ഖണ്ഡികകൾക്കിടയിലെ ചില വാക്യങ്ങൾക്കും ഉപവാക്യങ്ങൾക്കും നടുവിലായി തന്ത്രപരമായി തിരുകി വെച്ചിരിക്കുന്നതായി കാണാം. അങ്ങനെ, പ്രമാണത്തിന്റെ അഞ്ചാം പേജിൽ, ആറ് മാനദണ്ഡങ്ങൾ പറയുന്നുണ്ട്. 'വനം വകുപ്പുകൾ, വന വികസന കോർപ്പറേഷനുകൾ, സമൂഹങ്ങൾ, പബ്ലിക് ലിമിറ്റഡ് കമ്പനികൾ മുതലായവയെ ഉൾക്കൊള്ളിച്ചുകൊണ്ട് വനപ്രദേശ വികസനം, കൂടുതൽ മരങ്ങൾ



എന്നീ ലക്ഷ്യങ്ങൾ നേടാനായി അനുയോജ്യമായ സ്ഥാനങ്ങളിൽ നിശ്ചിത പൊതു സ്വകാര്യപങ്കാളിത്തത്തോടെയുള്ള പദ്ധതികൾ വികസിപ്പിക്കും.

കുറച്ച് കഴിയുമ്പോൾ, കരട് വനനയത്തിന്റെ ഏഴാം പേജിൽ, നമുക്ക് സെക്ഷൻ 4.4 കാണാം. 'വനവ്യവസായ സമ്പർക്കം നടപ്പിലാക്കുക' എന്ന തലക്കെട്ടോടെ തുടങ്ങുന്ന ഈ ഖണ്ഡിക പറയുന്നതിങ്ങനെയാണ്. വനവുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വളർച്ച ശക്തിപ്പെടുത്തുന്നത് ആവശ്യമാണ്. തൊഴിലാളികൾ അധികമുള്ള മേഖലയായതിനാൽ ഹരിതജോലികൾ (ഗ്രീൻ ജോബ്സ്) സൃഷ്ടിക്കാൻ ഇത് സഹായിക്കും. വനകോർപ്പറേഷനുകളും വ്യവസായശാലകളും അസംസ്കൃത സാധനങ്ങളുടെ ആവശ്യകതകൾ നിറവേറ്റുന്നതിനായി വ്യവസായത്തോട്ടങ്ങൾ വളർത്തേണ്ടതുണ്ട്.

ഈ പുതിയ വനനയം സർക്കാർ യഥാവിധി സ്വീകരിക്കുകയാണെങ്കിൽ, സംരക്ഷിത വനപ്രദേശങ്ങളുടെ വലിയ ഭാഗങ്ങൾ സ്വകാര്യ കോർപ്പറേഷനുകൾക്ക് കൈമാറാൻ ഈ ഉപാധികൾ പ്രചോദനമാകില്ലേ എന്നതാണ് ഇത് വായിക്കുമ്പോൾ ഉടലെടുക്കുന്ന ആധി. ഇപ്പോൾ സർക്കാർ കൈവശമുള്ള ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥാവകാശം അഴിമതിക്കാരായ രാഷ്ട്രീയക്കാർ പിന്താങ്ങുന്ന സ്ഥാപനങ്ങൾക്ക് കൈമാറുന്നതുവഴി ഒരു പുതിയ തരം ജന്മിവ്യവസ്ഥ ചിലപ്പോൾ രൂപപ്പെട്ടെന്നും വരാം. ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ, അത് നീതിയുടെയും ന്യായത്തിന്റെയും തികഞ്ഞ ലംഘനമായിരിക്കും. എന്നാൽ ഇത് മുൻപ് സംഭവിക്കാത്തതൊന്നുമല്ലതാനും.

1980–കളിൽ, കർണാടക സർക്കാർ ഇതുപോലൊരു ഇഷ്ടക്കരാർ ഹരിഹർ പോളിഫൈബേഴ്സ് എന്ന കമ്പനിയുമായി കെട്ടിച്ചമച്ചിരുന്നു. കർണാടക പൾപ്പ് വുഡ്സ് ലിമിറ്റഡ് എന്ന ഒരു പുതിയ കമ്പനി ഉണ്ടാക്കി, ഗ്രാമീണർ കന്നുകാലിമേച്ചിലിനും വിറകുശേഖരണത്തിനുമായി ഉപയോഗിച്ചിരുന്ന ആയിരക്കണക്കിന് ഏക്കർ പൊതുഭൂമി ഈ കമ്പനിയിലേക്ക് മാറ്റി, ഭാഗ്യവശാൽ ധർവാഡ് ആസ്ഥാനമായുള്ള 'സമാജ് പരിവർത്തൻ സമുദായ' എന്ന ഒരു എൻ.ജി.ഒ. ജനങ്ങളെ സംഘടിപ്പിച്ച് ഈ നീക്കത്തെ എതിർത്തു. കെ.പി.എൽ-ന്റെ



നീക്കങ്ങൾക്ക് തടയിടാനായി അവർ കോടതിയെയും സമീപിച്ചു. പൊതുവായതിനെ വീണ്ടെടുക്കാനുള്ള ഈ പോരാട്ടത്തെ അംഗീകരിക്കുകയും മുന്നോട്ടു കൊണ്ടുപോകുകയും ചെയ്തത് അന്നു ജീവിച്ചിരുന്ന മഹാനായ കന്നഡ എഴുത്തുകാരനും സാമൂഹിക പരിഷ്കർത്താവുമായ കോട്ട ശിവരാമകാരന്ത് ആയിരുന്നു അവസാനം സർക്കാർ പിന്തിരിഞ്ഞു കമ്പനി പൂട്ടി.

പേപ്പർ, പ്ലൈവുഡ് മുതലായ കമ്പനികൾക്ക് അസംസ്കൃത വസ്തുവായി തടി ആവശ്യമാണെങ്കിൽ പഞ്ചസാര നിർമ്മാണശാലകളും തുണിമില്ലുകളും ചെയ്യുന്നതുപോലെ അതിനുള്ള വഴികൾ തേടുകയാണ് വേണ്ടത്. അതായത്, അവർ കർഷകരിലേക്ക് ഇറങ്ങിച്ചെന്ന് അവർക്ക് വിത്തും വായ്പയും സാങ്കേതിക സഹായവും നൽകി, അതിനുപകരമായി അവർക്ക് ഉത്പാദനത്തിന് ആവശ്യമുള്ള മരങ്ങൾ നട്ടുവളർത്താൻ കർഷകരോട് ആവശ്യപ്പെടണം. ഈ കൂട്ടുകെട്ടിന്റെ ഒരു വശത്ത് സ്ഥാപനങ്ങളും മറുവശത്ത് കർഷകരോ കർഷക സഹകരണ സംഘങ്ങളോ ആയിരിക്കും. ഇങ്ങനെയൊരു സമ്പ്രദായം ആത്മാർഥമായും ബലവത്തായും നടപ്പിലാക്കുന്നത്. ഗ്രാമീണ ഇന്ത്യയുടെ ഒരു വലിയ ഭാഗത്തിന് സാമ്പത്തികസ്ത്രോതസ്സിനുള്ള വഴി തുറക്കും. മറുവശത്ത്, സ്വകാര്യ കോർപ്പറേഷനുകൾക്കുവേണ്ടി, ഗ്രാമീണരെ അകറ്റി കെട്ടിയടച്ചുകൊണ്ടുള്ള വനവത്കരണം വനത്തെയും സർക്കാർ ഭൂമിയെയും ഉപജീവനത്തിനായി ഇപ്പോഴും ആശ്രയിച്ചുപോരുന്ന വിഭാഗത്തെ സംബന്ധിച്ച് ഒരിക്കൽക്കൂടി കുടിയിറക്കപ്പെടുന്നതിന് സമാനമായിരിക്കും.

പുതിയ കരട് വനനയത്തിൽ ഫാം ഫോറസ്ട്രിയെക്കുറിച്ചും 'വനത്തിനു പുറത്തുള്ള മരങ്ങൾ' എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചും ഒരു ഖണ്ഡിക ഉണ്ട്. കേവലം തടി ഉത്പാദനത്തിനും വളരെ അപ്പുറത്തേക്കായിരിക്കണം അതിന്റെ ശ്രദ്ധ. പൊതുവിഭവങ്ങൾ ഇഷ്ടപ്പെട്ട ആളുകൾക്കോ സ്ഥാപനങ്ങൾക്കോ കൈമാറുന്നത് പൂർണമായും ഒഴിവാക്കിക്കൊണ്ടായിരിക്കണം ഈ ആശയം നടപ്പാക്കേണ്ടത്.

ഇന്ത്യൻ ഭൂവിസ്തൃതിയുടെ ഏകദേശം 23 ശതമാനം നിയമാനുസൃതമായി വനപ്രദേശമായി തരം തിരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പകുതിയോളം സ്ഥലം



യഥാർഥത്തിൽ ശരിയായ മരങ്ങൾ പോലുമില്ലാത്തവയാണ്. അതേസമയം, തരിശുനിലങ്ങളിലും വനനാശം സംഭവിച്ച മേഖലകളിലും തദ്ദേശജന്യമായ വൃക്ഷവർഗങ്ങൾ പുനഃകൃഷി ചെയ്യുക എന്നതിനാണ് യുക്തിഭദ്രമായ ഒരു വനനയം ആദ്യം ഊന്നൽ നൽകേണ്ടത്. ഇത് ജൈവവൈവിധ്യത്തിനും ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനും കാലാവസ്ഥാവ്യതിയാനം ലഘൂകരിക്കാനും സഹായിക്കും. രണ്ടാമതായി രാജ്യത്തിന്റെ വനനയം ഊന്നൽ നൽകേണ്ടത്, സംരക്ഷിത വനത്തെ ചുറ്റിപ്പറ്റി ജീവിക്കുന്ന കർഷക ആദിവാസി സമൂഹത്തിന്റെ ഉപജീവന സംരക്ഷണത്തിനും സുരക്ഷയ്ക്കുമായിരിക്കണം. എന്തായാലും, ഇപ്പോൾ തയ്യാറാക്കപ്പെട്ടതുപോലെ, ഈ പുതിയ വനനയം ശക്തമായ ശൃംഖലകളുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പഴുതുകൾ നൽകി അവരുടെ ഇഷ്ടാനുസരണം ചൂഷണത്തിനു വഴിവെച്ചുകൊണ്ട്, ഈ രണ്ടു ലക്ഷ്യങ്ങളെയും അപകടത്തിലാക്കുന്നതാണ്. ഇത് പാസ്സാക്കാൻ അനുവദിക്കരുത്.

**മാതൃഭൂമി ആഴ്ചപ്പതിപ്പ്,**

**22-28 ഏപ്രിൽ 2018.**



# സർഗ്ഗാത്മക നിയമസഭ

**വി.കെ. ബാബുപ്രകാശ്**

കേരള നിയമസഭ 60-ാം വാർഷികത്തിന്റെ തിളക്കത്തിലും നിറവിലും ആണ്. 2017 ഏപ്രിൽ മാസത്തിൽ വജ്രജൂബിലിയുടെ ഒരു കൊല്ലം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിയമസഭയുടെ ശങ്കരനാരായണൻ തമ്പി ലോഞ്ചിൽ നിർവഹിക്കുകയുണ്ടായി. അതിനുശേഷം വിവിധ പരിപാടികൾ നിയമസഭയുടെ ആഭിമുഖ്യത്തിൽ കേരളത്തിന്റെ വിവിധ ജില്ലകളിൽ അരങ്ങേറി. സിംപോസിയം, സെമിനാറുകൾ, വിദ്യാർത്ഥി പാർലമെന്റ്, വിദ്യാർത്ഥി ചർച്ചകൾ, മുൻ നിയമസഭാംഗങ്ങളെ ആദരിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ ജില്ലകളിൽ നടന്നു. ഈ വർഷം പരിപാടികൾക്ക് സമാപനം കുറിക്കുന്ന ഏപ്രിൽ മാസത്തിൽ വജ്രജൂബിലിയുടെ പ്രസക്തിയും കേരള നിയമസഭ നടന്ന വഴികളും ജനങ്ങൾക്ക് നൽകിയ സംഭാവനകളും ഓർത്തെടുക്കുന്നത് ഉചിതമായിരിക്കും.

**ഒന്നാം നിയമസഭയുടെ രൂപീകരണം**

പ്രാദേശിക നാട്ടുരാജ്യങ്ങളായി നിലനിന്നിരുന്ന കേരളം സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഭാഷയുടെ അടിസ്ഥാനത്തിൽ ഒരു സംസ്ഥാനമായി രൂപീകരിച്ചത് 1956 നവംബർ ഒന്നിനാണ്. ഇന്ത്യയിൽ അന്നത്തെ ഭരണസംവിധാനത്തിൽ ജനാധിപത്യസമ്പ്രദായം പിന്തുടർന്ന നാട്ടുരാജ്യങ്ങൾ തിരുവിതാംകൂർ, കൊച്ചി രാജവംശങ്ങളായിരുന്നു. 1949 ഏപ്രിൽ ഒന്നിന് കൊച്ചിയും തിരുവിതാംകൂറും ലയിക്കുകയും തിരുവിതാംകൂർ രാജാവ് ഭരണത്തലവനാകുകയും ചെയ്തു. പുതുതായി രൂപീകരിച്ച അസംബ്ലിയിൽ കൊച്ചിയിലെയും തിരുവിതാംകൂറിലെയും അംഗങ്ങൾ ഉൾപ്പെട്ടിരുന്നു. ആദ്യത്തെ സ്പീക്കറായി ടി.എം.വർഗ്ഗീസിനെ തെരഞ്ഞെടുത്തു. ആദ്യ അസംബ്ലി 1949 ജൂലൈ 11-ന് ചേരുകയുമുണ്ടായി. 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ട ശേഷം നടന്ന ആദ്യ ജനകീയ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സഖ്യത്തിനാണ് ഭൂരിപക്ഷം ലഭിച്ചത്. 1957 ഏപ്രിൽ ഒന്നിന് കേരള



സംസ്ഥാനത്തിന്റെ ജനകീയ മന്ത്രിസഭ രൂപീകരിച്ചുകൊണ്ട് ഗവർണ്ണർ രാമകൃഷ്ണ റാവു ഉത്തരവിറക്കി. ഏപ്രിൽ രണ്ടിന് ഏക ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായ ഡബ്ല്യൂ. എച്ച്. ഡിക്രൂസിനെ ഗവർണ്ണർ തെരഞ്ഞെടുത്തു. ഏപ്രിൽ അഞ്ചിന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 11 അംഗ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. മന്ത്രിസഭയുടെ നിർദ്ദേശപ്രകാരം ആദ്യഅസംബ്ലി സെഷൻ 1957 ഏപ്രിൽ 27-ന് സെക്രട്ടേറിയറ്റ് വളപ്പിലുള്ള പഴയ നിയമസഭാ കെട്ടിടത്തിൽ വിളിച്ചുകൂട്ടാൻ ഗവർണ്ണർ ഉത്തരവായി. അസംബ്ലിയുടെ ആദ്യകാര്യപരിപാടി ഭരണഘടനയുടെ അനുഛേദം 188 പ്രകാരം സഭാംഗങ്ങളുടെ സത്യപ്രതിജ്ഞ ആയിരുന്നു. 124 അംഗങ്ങൾ പ്രോടെം സ്പീക്കർ റോസമ്മ പുന്നൂസിന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്തു. രണ്ടാമത്തെ കാര്യപരിപാടി സ്പീക്കർ തെരെഞ്ഞെടുപ്പായിരുന്നു. ആർ. ശങ്കരനാരായണൻ തമ്പി മാത്രമായിരുന്നു സ്പീക്കർ സ്ഥാനാർത്ഥി. ഇ. ഗോപാലകൃഷ്ണ മേനോൻ, ആർ. ശങ്കരനാരായണൻ തമ്പിയുടെ പേര് നിർദ്ദേശിക്കുകയും നാരായണൻ നമ്പ്യാർ പിൻതാങ്ങുകയും ചെയ്തു. എതിർ സ്ഥാനാർത്ഥി ഇല്ലാതിരുന്നതിനാൽ കേരള നിയമസഭയുടെ ആദ്യ സ്പീക്കറായി ആർ. ശങ്കരനാരായണൻ തമ്പി ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. ആർ. ശങ്കരനാരായണൻ തമ്പിയെ സഭാ നേതാവ് മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാടും, പ്രതിപക്ഷ നേതാവ് പി.ടി.ചാക്കോയും ചേർന്ന് സ്വീകരിച്ച് സ്പീക്കറുടെ കസേരയിലിരുത്തി. സഭയുടെ ആദ്യ നടപടി സ്പീക്കറെ അനുമോദിക്കുന്ന ചടങ്ങായിരുന്നു. ആദ്യം മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാടും പിന്നീട് പി.ടി.ചാക്കോയും സ്പീക്കറെ അഭിനന്ദിച്ച് സംസാരിച്ചു. രാവിലെ 8 മണിക്ക് ചേർന്ന സഭ 9.55 -ന് അവസാനിച്ച് വൈകിട്ട് 5-ന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിനായി കൂടാമെന്ന തീരുമാനത്തിൽ പിരിഞ്ഞു. വൈകിട്ട് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം 5-ന് ആരംഭിച്ച് 5.35-ന് അവസാനിച്ചു. ആദ്യ യോഗം പിരിഞ്ഞ സഭ ഏപ്രിൽ 30-ന് വീണ്ടും കൂടാമെന്ന തീരുമാനത്തിൽ പിരിഞ്ഞു. പിന്നീട് കേരളത്തിന്റെ ചരിത്രഗതി മാറ്റി യതും സാമൂഹിക നീതി ഉളവാക്കിയ പരിഷ്കരണങ്ങൾ നടപ്പിലാക്കിയതുമായ ഒട്ടനവധി ജനോപകാരപ്രദമായ നിയമങ്ങൾ പാസ്സാക്കുകയും ചെയ്ത്



കേരളത്തിന്റെ ആദ്യ ജനകീയ നിയമസഭ ജനഹൃദയങ്ങളിൽ സ്ഥാനം പിടിക്കുകയുണ്ടായി.

**ജനകീയസഭയുടെ പിറവി**

ജനാധിപത്യ സമ്പ്രദായത്തിൽ ജനകീയ സഭകൾക്കുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ നാട്ടുരാജ്യങ്ങളിൽ ഒന്നാം സ്ഥാനം തിരുവിതാംകൂറിനായിരുന്നു. 1888 -ൽ തിരുവിതാംകൂർ മഹാരാജാവ് എട്ട് അംഗങ്ങളുള്ള ഒരു ജനകീയസഭ ആദ്യമായി രൂപീകരിക്കുകയുണ്ടായി. പൂർണ്ണമായി ജനാധിപത്യ നിയമനിർമ്മാണം പ്രസ്തുത സഭ നിർവ്വഹിച്ചിരുന്നില്ലെങ്കിലും ആദ്യ ജനകീയസഭ എന്ന് ഇതിനെ വിളിച്ചിരുന്നു. മഹാരാജാവിന് ഭരണകാര്യങ്ങളിൽ ഉപദേശം നൽകുന്ന ചുമതലയായിരുന്നു പ്രസ്തുത സഭയുടെ പ്രധാന കർത്തവ്യം. പിന്നീട് 1904-ൽ ശ്രീമൂലം പ്രജാസഭ എന്ന പേരിൽ ആദ്യത്തെ ജനകീയസഭ 85 അംഗങ്ങളോടെ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സഭയും ഒരു നിയമനിർമ്മാണ സഭയോ ഭരണ നിർവ്വഹണസഭയോ ആയിരുന്നില്ല. 1907 -ൽ പ്രസ്തുത സഭയിലേക്ക് നാല് അംഗങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള അധികാരം നൽകുകയുണ്ടായി. 1919-ൽ തിരുവിതാംകൂർ മഹാരാജാവ് പ്രസ്തുത സഭയെ നവീകരിക്കുകയുണ്ടായി. 13 ഉദ്യോഗസ്ഥ പ്രതിനിധികളും 11 അനുദ്യോഗസ്ഥ പ്രതിനിധികളും അടങ്ങിയ സഭയിൽ എട്ടു പേർ രാജാവ് നിയമിക്കുന്നവരായിരുന്നു. ബഡ്ജറ്റ് ചർച്ച ചെയ്യുന്നതിനും സപ്ലിമെന്ററി ഡിമാന്റുകൾ അനുവദിക്കുന്നതിനും പ്രമേയങ്ങൾ പാസ്സാക്കുന്നതിനും പ്രസ്തുത സഭയ്ക്ക് അധികാരമുണ്ടായിരുന്നു. 1921-ൽ അംഗസംഖ്യ 50 ആയി ഉയർത്തി. ആശയപ്രകടനത്തിനുള്ള സ്വാതന്ത്ര്യം സഭ അംഗീകരിച്ചിരുന്നു. 1925 ഏപ്രിലിൽ കൊച്ചി സംസ്ഥാനത്തും ഒരു ജനകീയ സഭ നിലവിൽ വന്നു. 45 അംഗങ്ങളുള്ള സഭയിൽ 30 പേർ തെരെഞ്ഞെടുക്കപ്പെട്ടവരും 15 പേർ നാമനിർദ്ദേശം ചെയ്തവരുമായിരുന്നു. ഭൂവുടമകൾക്ക് മാത്രമായിരുന്നു വോട്ടവകാശം. സഭയ്ക്ക് നിയമങ്ങൾ നിർമ്മിക്കുന്നതിനും ബഡ്ജറ്റ് പാസ്സാക്കുന്നതിനും അധികാരം ഉണ്ടായിരുന്നു. 1933-ൽ തിരുവിതാംകൂറിൽ രണ്ട് മണ്ഡലങ്ങളുള്ള ഒരു സഭ രൂപീകരിക്കുകയുണ്ടായി. അധോമണ്ഡലത്തിന്റെ



പേര് ശ്രീമൂലം സഭ എന്നും ഉപരിമണ്ഡലത്തിന്റെ പേര് ശ്രീചിത്തിര സഭ എന്നും ആയിരുന്നു. ശ്രീമൂലം സഭയിൽ 72 അംഗങ്ങളും ശ്രീചിത്തിര സഭയിൽ 37 അംഗങ്ങളും ഉണ്ടായിരുന്നു. 43 അംഗങ്ങളെ സാധാരണ നിയോജകമണ്ഡലങ്ങളിൽ നിന്നും അഞ്ച് പേരെ പ്രത്യേക മണ്ഡലങ്ങളിൽ നിന്നും തെരഞ്ഞെടുത്തിരുന്നു. അസംബ്ലിയിൽ സ്പീക്കർക്ക് പകരം ഡെപ്യൂട്ടി പ്രസിഡന്റ് ആയിരുന്നു സഭ നിയന്ത്രിക്കാനായി തെരഞ്ഞെടുത്തത്. അംഗങ്ങൾക്ക് വോട്ടവകാശം ഉണ്ടായിരുന്നു. ആദ്യത്തെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി 1933 ലാണ് രൂപീകരിച്ചത്. ഈ സഭ 1947 സെപ്തംബർ നാലുവരെ തുടർന്നു. ഈ സഭ പിരിച്ചുവിട്ട് ഉത്തരവാദിത്വ സർക്കാരിനെ മഹാരാജാവ് നിയമിക്കുകയുണ്ടായി. പൊതുസഭയുടെ പേര് പ്രാതിനിത്യസഭ എന്നാക്കി. പ്രായപൂർത്തി വോട്ടവകാശം ആയിരുന്നു മാനദണ്ഡം. ആദ്യത്തെ പ്രധാനമന്ത്രി പട്ടം എ. താണുപിള്ള ആയിരുന്നു. നാലു മന്ത്രിമാരുള്ള പട്ടത്തിന്റെ മന്ത്രിസഭ 1948 ഒക്ടോബർ നാലിന് രാജിവച്ചു. ഇതേ സമയം 1938-ൽ കൊച്ചി സംസ്ഥാനവും നിയമനിർമ്മാണ സഭകളിൽ പരിഷ്കരണങ്ങൾ നടത്തി. 38 തെരെഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും 11 നാമനിർദ്ദേശം ചെയ്ത അംഗങ്ങളും കൊച്ചി പ്രജാ സഭയിൽ ഉണ്ടായിരുന്നു. 1949 ജൂലൈ ഒന്നിന് തിരുവിതാംകൂറും കൊച്ചിയും സംയോജിച്ച് പുതിയ തിരുക്കൊച്ചി സംസ്ഥാനം രൂപീകൃതമായി. തിരുക്കൊച്ചിയുടെ ഭരണാധികാരിയായി തിരുവിതാംകൂർ മഹാരാജാവ് അവരോധിക്കപ്പെട്ടു. കൊച്ചിയിലെയും തിരുവിതാംകൂറിലെയും പ്രജാസഭകളിലെ അംഗങ്ങൾ ഇരു സഭകളിലും തുടർന്നു. തിരുക്കൊച്ചി സഭയുടെ ആദ്യ സ്പീക്കറായി ടി.എം. വർഗ്ഗീസിനെ 1949 ജൂലൈ 11-ന് തെരെഞ്ഞെടുത്തു. ആദ്യ മുഖ്യമന്ത്രി പറവൂർ ടി. കെ. നാരായണപിള്ളയായിരുന്നു. 1951 മാർച്ച് ഒന്നിന് പറവൂർ ടി. കെ. നാരായണ പിള്ളയുടെ മന്ത്രിസഭ രാജി വച്ചു. തുടർന്ന് സി.കേശവൻ മുഖ്യമന്ത്രിയായി അധികാരമേറ്റു. അദ്ദേഹത്തിന്റെ സഭ 1952 മാർച്ച് 12 വരെ തുടർന്നു. തിരുക്കൊച്ചിയിൽ 1951-ൽ ജനകീയ തെരെഞ്ഞെടുപ്പ് നടക്കുകയുണ്ടായി. 1952 ഫെബ്രുവരിയിൽ അസംബ്ലി രൂപീകരിച്ചു. അന്നത്തെ സഭയിൽ ആർക്കും മന്ത്രിസഭ രൂപീകരിക്കാനുള്ള ഭൂരിപക്ഷം കിട്ടിയില്ല. 44 അംഗങ്ങളുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ് എ.ജെ. ജോണിന്റെ



നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിച്ചെങ്കിലും 1953 സെപ്റ്റംബർ മൂന്നിന് ഭൂരിപക്ഷം നഷ്ടപ്പെട്ട് മന്ത്രിസഭ പുറത്തായി. 1954-ലെ തെരെഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും ഭൂരിപക്ഷം കിട്ടിയില്ല. 19 അംഗങ്ങളുള്ള പ്രജാസോഷ്യലിസ്റ്റ് പാർട്ടി പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിച്ചുവെങ്കിലും 1955-ൽ ഭൂരിപക്ഷം നഷ്ടപ്പെട്ടു പുറത്തായി. തുടർന്ന് മുഖ്യമന്ത്രിയായി പനമ്പിള്ളി ഗോവിന്ദമേനോൻ അധികാരമേറ്റെങ്കിലും 1956 വരെയെ അദ്ദേഹത്തിനും അധികാരത്തിൽ തുടരാൻ കഴിഞ്ഞുള്ളൂ. തുടർന്ന് ഭരണത്തിലായിരിക്കവെ 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപീകരിക്കുകയും തിരുവിതാംകൂർ, കൊച്ചി, മദ്രാസ് പ്രവിശ്യയിൽ ഉൾപ്പെട്ട മലബാർ എന്നിവ ചേർന്ന് കേരള സംസ്ഥാനം രൂപീകരിക്കുകയും ചെയ്തു. ആദ്യ കേരള സംസ്ഥാന തെരെഞ്ഞെടുപ്പിൽ രൂപീകൃതമായ ഇ.എം.എസ്. മന്ത്രിസഭ 28 മാസം മാത്രമാണ് ഭരണം നടത്തിയത്. ഇപ്പോൾ 14-ാം സഭയാണ്. 2016 മേയ് 20-നാണ് 14-ാം കേരള നിയമസഭ രൂപീകൃതമായത്. പ്രോടേം സ്പീക്കറായി എസ്. ശർമ്മയെ തെരെഞ്ഞെടുക്കുകയും ചെയ്തു. നിയമസഭാംഗങ്ങൾ 2016 ജൂൺ 2 ന് സത്യപ്രതിജ്ഞ ചെയ്യുകയും ജൂൺ മൂന്നിന് സ്പീക്കറായി പി. ശ്രീരാമകൃഷ്ണനെ തെരെഞ്ഞെടുക്കുകയും ചെയ്തു.

**ഭൂപരിഷ്കരണം മുതൽ ക്ലിനിക്കൽ ബിൽ വരെ**

1957 ൽ അധികാരമേറ്റ ഇ.എം.എസ് മന്ത്രിസഭ പ്രധാനപ്പെട്ട രണ്ട് നിയമങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അതിൽ ഒന്നാമത്തേത് വിദ്യാഭ്യാസ ബില്ലും രണ്ടാമത്തേത് ഭൂപരിഷ്കരണ നിയമവും ആയിരുന്നു. രണ്ടാം നിയമസഭ പോലീസ് സേനയുടെ നവീകരണത്തിന് തുടക്കം കുറിച്ച കേരള പോലീസ് നിയമം പാസ്സാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് ആശ്വാസം പകരുന്ന മിനിമം കൂലി നിയമവും പ്രധാന നിയമമായിരുന്നു. മൂന്നാം നിയമസഭയുടെ പ്രധാന നിയമങ്ങളിൽ കോഴിക്കോട് യൂണിവേഴ്സിറ്റി നിയമം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമം, കേരള സഹകരണ നിയമം എന്നിവയായിരുന്നു. സി. അച്ചുതമേനോന്റെ നേതൃത്വത്തിലുള്ള നാലാം നിയമസഭയുടെ ശ്രദ്ധേയമായ നിയമങ്ങൾ 1972-ലെ



കുട്ടികളുടെ നിയമം ആയിരുന്നു. തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ ക്ഷേമം, വിദ്യാഭ്യാസം, പുനരധിവാസം എന്നിവയ്ക്കും കുട്ടിക്കുറ്റവാളികളെ വിചാരണ ചെയ്യുന്നതും ഉൾക്കൊള്ളുന്നതാണ് ഈ നിയമം. അഞ്ചാം നിയമസഭയുടെ പ്രധാന സംഭാവന 1977-ലെ കേരള കടാശ്വാസനിയമവും ജില്ലാ ഭരണനിയമവും ആയിരുന്നു. 47 നിയമങ്ങൾ പാസ്സാക്കിയ ആറാം നിയമസഭയുടെ ശ്രദ്ധേയമായ നിയമങ്ങൾ ചേരിപ്രദേശപരിഷ്കരണ നിയമം ആയിരുന്നു. കെ.കരുണാകരന്റെ നേതൃത്വത്തിലുള്ള ഏഴാം നിയമസഭയുടെ പ്രധാന സംഭാവന അഴിമതി നിരോധനനിയമം, ഗാന്ധി യൂണിവേഴ്സിറ്റി നിയമം, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി എന്നിവയായിരുന്നു.

ഇ.കെ. നായനാരുടെ എട്ടാം നിയമസഭയുടെ സംഭാവന കേരള വനിതാ കമ്മീഷൻ നിയമമായിരുന്നു. ഒൻപതാം നിയമസഭയുടെ വിപ്ലവകരമായ നിയമനിർമ്മാണം ഗ്രാമീണ കേരളത്തിന്റെ മുഖപടം മാറ്റിയ പഞ്ചായത്തീ രാജ് നിയമം ആയിരുന്നു. ഇ.കെ. നായനാരുടെ പത്താം കേരള നിയമസഭയുടെ നിർണ്ണായക സംഭാവന ആയിരുന്നു ജനകീയാസൂത്രണ പദ്ധതി നിയമം. പ്രീ-ഡിഗ്രി പഠനം യൂണിവേഴ്സിറ്റിയിൽ നിന്നും വേർപ്പെടുത്തിയ കേരള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ നിയമം പത്താം കേരള സഭയുടെതായിരുന്നു. പതിനൊന്നാം കേരള സഭയുടെ ശ്രദ്ധേയ സംഭാവന കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ നിയമവുമായിരുന്നു. വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള 12-ാം സഭയുടെ പ്രധാന സംഭാവന കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമമാണ്. വിശദമായ ചർച്ചകൾക്കും പ്രതിവാദങ്ങൾക്കും ശേഷം പാതിരാത്രി പിന്നിട്ട് വെളുപ്പിന് രണ്ടു മണിക്കാണ് ഈ ചരിത്ര ബിൽ 12-ാം നിയമസഭ പാസ്സാക്കുന്നത്. കേരള പോലീസ് നിയമം 12-ാം നിയമസഭ അടിമുടി അഴിച്ചുപണിയുകയുണ്ടായി. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള 13-ാം സഭയുടെ പ്രധാന സംഭാവന കേരള സേവന അവകാശ നിയമം ആണ്. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള 14-ാം കേരള നിയമസഭയുടെ പ്രധാന സംഭാവനകൾ 2017-ലെ കേരള പി.എസ്.സി. (അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ



സംബന്ധിച്ച ചുമതലകൾ), ജി.എസ്.ടി. നിയമം, 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ, 2017 -ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ ബിൽ, മലയാള ഭാഷ നിർബന്ധിത നിയമം എന്നിവയാണ്. മറ്റ് ഒട്ടനവധി ജനോപകാരപ്രദവും പുരോഗമനപരവുമായ നിയമങ്ങൾ നിർമ്മിക്കുന്നതിനും ഈ സർക്കാർ പദ്ധതി ഇട്ടിട്ടുണ്ട്.

നിയമസഭയുടെ പ്രവർത്തനങ്ങൾ ജനങ്ങളുടെ ജീവിതത്തെ സമത്വവൽക്കരിക്കുന്നതിന് ഉതകുന്ന തരത്തിൽ നിയമങ്ങൾ നിർമ്മിക്കുക എന്നതാണ്. ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾക്കുമേൽ ഉത്തരവാദിത്വത്തോടു കൂടി മേൽനോട്ടം വഹിക്കുന്നത് നിയമസഭയാണ്. ബഡ്ജറ്റ് പാസ്സാക്കുന്നതും ധനവിനിയോഗബിൽ അനുവദിക്കുന്നതും ഈ ഉത്തരവാദിത്വത്തിന്റെ പ്രതിഫലനമാണ്. കേരള ജനതയുടെ ജീവിത പുരോഗതിക്കും നേട്ടത്തിനും ഇനിയും ഒട്ടനവധി സംഭാവനകൾ കേരള നിയമസഭക്ക് നൽകാനാവും. ഇത്തരത്തിലുള്ള പ്രവർത്തനം ചാരിതാർത്ഥ്യ ജനകമെന്ന് മറ്റ് സംസ്ഥാനങ്ങളിലെ നിയമസഭകളുമായി ഒത്ത് നോക്കുമ്പോൾ വെളിപ്പെടുന്ന ചരിത്രസത്യമാണ് എന്നത് വിസ്മരിച്ചുകൂടാ.

## സഭയെ അടുത്തറിയാൻ 7 പുസ്തകം

വജ്രജൂബിലിയുടെ എടുത്തുപറയാവുന്ന നേട്ടം, നിയമസഭയുടെ ആഭിമുഖ്യത്തിൽ പ്രൗഢഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണമാണ്.

1. ഒന്നാം കേരള നിയമസഭ മുതൽ 14-ാം സഭ വരെ പാസാക്കിയിട്ടുള്ള നിയമങ്ങളുടെ ക്രോഡീകരിച്ച ഗ്രന്ഥമാണ് **കേരള നിയമസഭ-നിയമ നിർമ്മാണത്തിന്റെ 6 പതിറ്റാണ്ടുകൾ 1957-2017.**

2. നിയമസഭയുടെ **സബ്ജക്ട് കമ്മിറ്റിയുടെ 36 വർഷത്തെ (1980-2016) പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്ന ഗ്രന്ഥം.**

3. പാർലമെന്ററി നടപടിക്രമങ്ങൾ വിവരിക്കുന്ന ശക്തർ ആന്റ് കൗൾ രചിച്ച പാർലമെന്ററി നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും എന്ന ഗ്രന്ഥത്തെ



ചൂണ്ടുപലകയാക്കി രചിച്ചതാണ് **കേരള നിയമസഭ നടപടിക്രമങ്ങളും കീഴ്‌വഴക്കങ്ങളും.** മറ്റൊരു സംസ്ഥാനവും ഇത്തരമൊരു റഫറൻസ് ഗ്രന്ഥം തങ്ങളുടെ അസംബ്ലി നടപടിക്രമങ്ങളെക്കുറിച്ച് രചിച്ചിട്ടില്ല.

4. സഭാനടപടികളിൽ സഭാദ്ധ്യക്ഷൻമാർ, വിവിധ വിഷയങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനും, തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും പുറപ്പെടുവിക്കുന്ന റൂളിംഗുകളുടെ സമാഹാരമാണ് **സഭാദ്ധ്യക്ഷന്റെ തീരുമാനങ്ങളും റൂളിംഗുകളും 1952-2017.**

5. 14-ാം നിയമസഭയിലെ അംഗങ്ങളുടെ സാമൂഹ്യ, രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ലഘുവിവരണം, കുടുംബം, അഭിരുചികൾ എന്നിവ അംഗങ്ങളുടെ ഫോട്ടോ സഹിതം പ്രസിദ്ധീകരിച്ച് (മലയാളത്തിലും ഇംഗ്ലീഷിലും) രണ്ട് ഗ്രന്ഥങ്ങൾ : **ആര് ആരാണ്, ഹു ഈസ് ഹു**

6. കേരളത്തെ നയിച്ച മുഖ്യമന്ത്രിമാർ, മന്ത്രിമാർ, പ്രതിപക്ഷ നേതാക്കൾ എന്നിവരുടെ ലഘുവിവരണങ്ങളും, ചിത്രങ്ങളും ഉൾക്കൊള്ളിച്ച ഇംഗ്ലീഷ് ഗ്രന്ഥമാണ് **ചീഫ് മിനിസ്റ്റേഴ്സ്, മിനിസ്റ്റേഴ്സ് ആന്റ് ലീഡേഴ്സ് ഓഫ് ഒപ്പസിഷൻ ഓഫ് കേരള.**

7. ആദ്യ നിയമസഭ മുതൽ 14-ാം സഭ വരെ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ പദവിയിലിരുന്നവരുടെ രത്നച്ചുരുക്കവും ചിത്രവും ഉൾപ്പെട്ട ഗ്രന്ഥമാണ് **കേരളത്തിലെ സ്പീക്കർമാരും, ഡെപ്യൂട്ടി സ്പീക്കർമാരും (മലയാളത്തിലും ഇംഗ്ലീഷിലും).**

**ഇ.എം.എസ്. മ്യൂസിയം, കദളിത്തോട്ടം, മാതൃകാ നെൽകൃഷി**

നിയമസഭയുടെ സമ്മേളനവുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിന്റെ മേൽനോട്ടത്തിൽ സി-ഡിറ്റ് നിർമ്മിച്ച ലഘു ഡോക്യുമെന്ററി ആണ് “ നമ്മുടെ നിയമസഭ ”. കൂടാതെ കേരള നിയമസഭയെക്കുറിച്ച് ‘വജ്രകേരളം’ എന്ന പേരിൽ കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ നിർമ്മിച്ചിട്ടുള്ള ഒരു ലഘു ഡോക്യുമെന്ററിയും പ്രദർശനത്തിനുണ്ട്. 13-ാം കേരള നിയമസഭ പാസാക്കിയ പ്രധാനപ്പെട്ട 11 നിയമങ്ങളെ സംബന്ധിച്ച് ലഘു ഡോക്യുമെന്ററികളുമുണ്ട്.



പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകവും 150 വർഷത്തോളം പഴക്കമുള്ളതുമായ നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം തനിമ നിലനിർത്തിക്കൊണ്ട് പുരാവസ്തു വകുപ്പിന്റെ ചെലവിൽ സംരക്ഷിക്കുന്നതിനും, പുനരുദ്ധരിക്കുന്നതിനും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഐക്യകേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസിനെ അനുസ്മരിക്കുന്നതിനായി ഇ.എം.എസ്. സ്മൃതി എന്ന നാമത്തിൽ നിയമസഭാ മ്യൂസിയത്തിൽ സമഗ്രവും ആധുനികവുമായ ഒരു മ്യൂസിയത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. അനിമെട്രോണിക്സ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ നൂതനരീതിയിൽ ഇ.എം.എസ് സ്മൃതി സജ്ജീകരിക്കുന്നതിനാണ് പദ്ധതി. കൂടാതെ മ്യൂസിയത്തിൽ നിലവിലുള്ള ഗാന്ധിസ്മൃതി നവീകരിക്കുന്നതിനും പദ്ധതിയുണ്ട്.

നിയമസഭ പൂർണ്ണമായും ഹരിത നിയമസഭയാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജൈവമാലിന്യസംസ്കരണ പ്ലാന്റ് കേരള ശുചിത്വ മിഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്നു. മൂന്ന് മഴവെള്ള സംഭരണികളിലായി 15 ലക്ഷം ലിറ്റർ വെള്ളം സംഭരിക്കുന്നത് നിയമസഭാവളപ്പിലെ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. ഏകദേശം 50 സെന്റ് സ്ഥലത്ത് ജൈവരീതിയിൽ ആധുനിക സമ്പ്രദായത്തിൽ വിവിധയിനം പച്ചക്കറി കൃഷി നടത്തിവരുന്നു. നിയമസഭാ കവാടത്തിൽ മുപ്പതോളം ഔഷധമേന്മയുള്ള അസുലഭമായ തുളസിച്ചെടികൾ ഉൾപ്പെട്ട തുളസീവനം ഉണ്ട്. സഭാ വളപ്പിൽ മുപ്പതോളം വിവിധ ഇനങ്ങളിൽപ്പെട്ട കദളിവാഴത്തോട്ടം സംരക്ഷിച്ചുവരുന്നു. ഇരുപത്തഞ്ചോളം ഔഷധസസ്യങ്ങൾ ഉൾപ്പെടുത്തി ഔഷധത്തോട്ടവും ഉണ്ട്. ഒരു സെന്റ് സ്ഥലത്ത് പുഞ്ചകൃഷി മാതൃകയിൽ നെൽകൃഷി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. അമ്പതോളം ചെമ്പരത്തിയിനങ്ങളും, വിവിധ പൂച്ചെടികളും ശാസ്ത്രീയമായി പരിപാലിക്കുന്നു. നിയമസഭാ ജീവനക്കാർക്കിടയിൽ കാർഷിക അവബോധം വളർത്തുന്നതിനായി ഹരിത ക്ലബ് പ്രവർത്തിക്കുന്നു. സഭാവളപ്പിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ, മറ്റ് കാർഷിക ഉൽപ്പന്നങ്ങൾ എന്നിവ മിതമായ നിരക്കിൽ ഹരിത ക്ലബ് മുഖേന ജീവനക്കാർക്ക് വിതരണം ചെയ്യുന്നു.

# FOCUS



നിയമസഭയുടെ പാർലമെന്ററി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ തെരെഞ്ഞെടുക്കപ്പെട്ട 75 സ്കൂളുകളിൽ വിദ്യാർത്ഥികൾക്കായി 1000 ഭരണഘടനാ ക്ലാസ്സുകൾ വിദഗ്ദ്ധർ എടുക്കുന്നതാണ്. കൂടാതെ കുട്ടികളെ പങ്കെടുപ്പിച്ച് മാതൃകാ നിയമസഭകൾ സംഘടിപ്പിക്കും. അതോടൊപ്പം പാർലമെന്ററി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജനാധിപത്യ ഉത്സവം എന്ന പേരിൽ പഠന ക്ലാസ്സും സിംപോസിയവും നടത്തും.

**കലാകൗമുദി,**

**15 ഏപ്രിൽ 2018.**

FOCUS



# In Search of Non-tangential Premises The Surrogacy (Regulation) Bill, 2016

**Pragna Paramita Mondal, Achin Chakraborty**

The much anticipated Surrogacy (Regulation) Bill (SRB), 2016 comes as a classic case of deferral, haste and halt, as a disavowal of existing norms that has raised more questions than resolved in its wake. Sure, it marks the government's maiden, and therefore commendable, effort to separate the legal discourse on surrogacy from the broad sphere' of assisted reproductive technology (ART) in the country. But the picture that resurfaces in its wake is bewildering, as the insistence on reforms in surrogacy practices in India has been placated with an embargo on its commercial variety. Equally bemusing is the sole sanction of the altruistic category in surrogacy which, according to its Indian version, shall strictly be defined as a kind of exclusive "kinship surrogacy.'"

Given the large contrasts in the realities and motivations of principal stakeholders, the issue of legitimising rights and freedom(s) in commercial surrogacy in India has always been under constraint, with successive attempts at its regulation being made since 2008. However, existing legal-ethical reasoning stands challenged in the face of the SRB'S overhaul of preceding legislative narratives on the viability of best practices that could have determined commercial surrogacy in India. Consequently, an absolute ban is proposed as the justification to eliminate isolated, misconstrued or dispersed outcomes in commercial surrogacy, that might have transpired within an operational vacuum and in the absence of an act proper (that is, an Assisted Reproductive Technology Regulation] Act or a Surrogacy [Regulation] Act per se as opposed to the ART [Regulation] Bill), when procedures, participants and the resulting contracts were not bound by the condition of legal enforceability. In fact, it would be a terrible oversight to underestimate the corrective capacity of a self-contained legal mechanism that could have focused on commercial surrogacy from a different and a more robust vantage point.

A deeper inquiry into the so-called commercialisation of the surrogacy industry through surveys and studies (of which there is a serious dearth) could have provided the much-needed



input to a rational policy design. And this points to the fact that at the level of policy formulation, an erasure may not be the best way to address a hiatus. So, is the ban on commercial surrogacy essential, well-timed and inevitable? Or does it follow from a context that is yet to be methodically and statistically analysed? Does it, therefore, also suggest that the question concerning the "dignity of womanhood" or the role of women ("poor Indian women") was never quite settled upon as legal institutions measured out societal needs in relation to scientific innovations over the span of a decade ?

**In Response to the PIL**

The SRB reflects the objectives mentioned in the public interest litigation (PIL) filed by Jayashree Wad in the Supreme Court in January 2015. The PIL solicited a ban on commercial surrogacy based on a delineation of the following discrepancies: (i) the degeneration of motherhood as a womb-renting business and the easy availability of poor Indian women as surrogates at one-third or one-fifth of the prices offered in other nations; (ii) the disadvantaged, marginalised socio-economic condition of the surrogate mothers; (iii) their lack of information and understanding of the surrogacy agreement; (iv) their absence of consent and the prevalence of economic coercion as being the motivating factor in surrogacy; and (v) the financial gains made by doctors, hospitals and the institutions involved that take undue advantage of the woman's marginalised socio-economic condition.

It may be apparent from the nature of the objections raised in the PIL that they were in dire need of remedial measures in order to be countered in places of sporadic occurrence. To follow suit from such unilateral charges, however; suggests an extreme move and rules out the possibility of systemic readjustments in commercial surrogacy in India. This litigation has been responded to by three pleas of intervention filed respectively in the Supreme Court by medical bodies (jointly by the Indian Society for Third Party Assisted Reproduction; Indian Society for Assisted Reproduction; the Federation of Obstetric and Gynaecological Societies of India; Indian Medical Association), a group of surrogates from Delhi, Gujarat and other states, and overseas citizens of India. But the call has so far been unheeded as it is evident from the latest legislation on



surrogacy in India. Therefore, the representativeness of the concerned "moral agent" holding sway upon the process that culminates in the bill is rather questionable. There is a need for more participative decision-making in issues that involve the reproductive rights of citizens or the reproductive autonomy of women engaged as surrogates.

**Commercial Surrogates**

By and large, the announcement of the new bill has been discussed around the elements of deprivation (or discrimination) facing some potential seekers of surrogacy, namely single parents, live-in couples, same-sex partners and even, foreign commissioning parents. Their eligibility has also been considered vis-a-vis the standards and norms put into practice for adoptive parents under the Hindu Adoptions and Maintenance Act, 1956 or the Guardians and Wards Act, 1890. It is fundamental, however, to include the commercial surrogates in the debate on surrogacy and their perceptions of it as a "job," an "opportunity" that once was but would no longer *legally* exist following the implementation of the SRB. Their outright exclusion in the deliberations that decide the predicament of surrogacy within the country, in fact, reinforces their disposability, lack of privilege, and ultimate "loss of dignity" that the SRB proclaims it tries to resist. After 14 years of legal commercial surrogacy in the country, how can we displace these women and their services overnight? There is a need to identify which part of this market is actually objectionable. Is it only the surrogates who bring the commercial aspect to the surrogacy market, so that their elimination would end popular scruples over the privatisation of reproduction? During the field research conducted by one of the authors on surrogacy in Kolkata and its suburbs, Pallabi Dutta, a supervisor and facilitator in commercial surrogacy, associated with a care service provider company in Bhawanipur, Kolkata, had once remarked:

> But for *these* women, the technology would not have been what it is today. ART is a complex process and what works for one, may not work for the other. I'm not a technical person but I've observed how, with our surrogates, doctors have to constantly rely on their judgment and instincts for innovation and



improvisations within standard norms. Everything adds on to it (the science). These surrogates have come forward and made it possible. (Personal interview 2016, emphasis added)

This is, of course, not to whisk insights into the interdependence of technology and human subjects and the latter's contribution to scientific trials or the ethical positions that emerge thereof, but to emphasise the reference to "these women" -to the class and socio-economic relations or the need-based calculations that determine the entry of such women into commercial surrogacy in the absence of more remunerative life choices. Choice is a key aspect in this regard and our interactions with the surrogates have informed us to better not presume or resent the paradox of choices they make. They have occasionally spoken of the uncomely circumstances of their lives leading up to their present choice. But their narratives were seldom laced with a sense of victimhood and were rather interspersed with a feeling of agency that may be understood as being limited, notional and understated in its own way but not without value or merit on the surrogates' part:

> Of course I haven't shared it with my relatives; they would not understand. But at least, I'm into something respectable ... I'm doing good for the couple and I'm doing it for my children. The money is more than what their father can make (as a driver). He grows impatient at times, but I tell him that it's only a matter of a few months. And then we are free to live our life. (Personal interview 2016)

> I live with my mother-in-law and my five year-old son. A month ago, my husband moved out with another woman. He was never really good at anything and had to do odd jobs to run the family. Now, my son is my sole responsibility. But that doesn't scare me. I'am glad that I had set aside the money that I got out surrogacy for my own boy through good schools and colleges even though I work as a domestic help now. (Personal interview 2016)

> It's a hard life. My husband works as a zari worker in Punjab and I talked him into it. My daughter doesn't know what this surrogacy is. I've left her



> with my mother and my in-laws think I'm at her place too. I'll not do this for the second time. But I've plans to buy a small plot of land with some money and to save the rest for my daughter's marriage. She is 10 now and soon it will be time to marry her off. (Personal interview 2015)

**Commercial vs Altruistic**

It is important to note why so many of "these" women have had the scope to offer themselves as commercial surrogates when the altruistic mode (that had always been legally permissible) or "kinship surrogacy" (where relatives were taken as surrogates) would have been a more convenient proposition for the intended parents, both financially as well as logistically. In other words, why was commercial surrogacy so popular and widespread among domestic commissioning couples and altruistic surrogacy never quite enthusiastically practised?

Most of the in vitro fertilisation (IVF) practitioners interviewed during the research suggested that they encountered around 2% cases in altruistic surrogacy, the rest having primarily involved commercial surrogates. Altruistic surrogacy is not done in lieu of monetary compensation. It may engage a friend, a relative or a woman previously unknown to the commissioning parents but commonly includes the first two groups of individuals. It should be distinguished from traditional surrogacy, the one that takes a surrogate not merely as a gestational carrier but also as the contributing genetic parent of the child, and which mayor may not be concluded in terms of money, gifts or other forms of rewards.

It was commonly acknowledged during the interviews at the clinics that there remains a general apathy among intended parents towards accepting a family member as the surrogate. This apathy is informed by the recipients' anxiety over social taboos and the probable adverse psychosocial impacts that the child may incur due to such a disclosure. Interestingly, the crisis in social recognition in the case of commercial surrogacy is observed not only among the uneducated or illiterate surrogates but more so, among the well-off commissioning parents. This concern was overtly expressed by Jayanta Sinha, a government official and a commissioning father to twin babies through commercial surrogacy, in the course of a personal interview (2015):



> It is too early to even think of any such thing. I was not sure of how my acquaintances would react to this information about our surrogacy and I cannot think of what the children would feel if they come to know about it after they've grown up. We're not very inclined to tell them either. It's beyond my capacity to imagine at this moment what would be in the best interest of my children.

The other reason cited by many commissioning couples was their reluctance to strike up a note of obligation with any of their relations so far as their private decisions regarding family planning were concerned. Contrary to this position, collaboration and convenience were presented as the reasons for altruistic surrogacy by Janki Dwivedi of Bihar. After repeated attempts in Patna with Mansi, her sister, as the surrogate, she had come over to an infertility hospital in Salt Lake City to give it a third and a final try. She retorts,

> My family asked her to do it and she agreed. We cannot stay here in Kalkatta. It would be easy to take care of her at home and to keep up with the pregnancy as instructed by our doctor. (Personal interview 2015)

Altruistic surrogacy, understood as kinship surrogacy in the present context, may also not be encouraged as being the norm because it offers limited options in terms of medical eligibility in third-party reproduction. All the IVF specialists interviewed extensively during the field research agreed that reproductive health was conceptually different from .general health and surrogate pregnancy was certainly not similar to a natural pregnancy. Even a woman or a female relative having a history of successful live births may not be found to qualify as a surrogate if the hormonal injections fail to induce pregnancy or, for example, the endometrial lining does not build up sufficiently to receive the embryo. There may be analogous complications in surrogate pregnancy and eligibility therefore cannot be determined depending on the willingness of the surrogate or a relative who chooses to become one. This leads us to consider the premise that conforming to exclusive kinship-based structures may not be always possible so far as medical procedures in surrogacy and artificial reproduction are concerned. This is also realisable in the principles that control all forms of donation in blood, organs, tissue, gametes or even breast milk and their distribution that is based on necessity and compatibility rather than on in-group relational parameters.



Whether altruism-which presumably indicates a non-exploitative and equal exchange between the two parties-enhances the qualitative merit of the interpersonal relationship between the surrogate and the commissioning parents is also not to be definitively ascertained. This may be inferred from the findings of a study conducted by a team of researchers among 42 couples in the United Kingdom (UK). It refers to issues regarding the varying levels of association and attendant problems of familiarisation among the surrogates and intended parents, not with standing these being cases of altruistic surrogacy. It points out the element of "forced friendship" between parties previously unknown to each other, or the possibility of coercion that a friend or a relative might face in acting as a surrogate. The British Medical Association (1996) also confirms such dilemma in its observation that, even in altruistic surrogacy, the complicity to maintain contact between parties after the delivery of the surrogate child may selectively benefit some but may not be universally desired by all. For instance, the occurrence and the reasons of disclosure may also vary accordingly and the studied sample indicates that 48% of the couples suggestively "had no choice but to tell" friends and relatives about the surrogacy arrangement considering the practical difficulties in concealment.

At this point it may be asked, therefore, why altruism should be given greater leverage than mutualism in surrogacy arrangements. A relevant reference might also be made here to the Israeli law on surrogacy (1996), which despite its own reservations and complexities, strictly forbids the induction of a surrogate who is related or known to the commissioning couple in order to purposively avoid imbalances within the family and the potential pressures on relatives to become surrogates.

**Perils of Stand-alone Altruism**

The social and moral dynamics of "altruism," thus, need to be questioned with relation to the "womb" which, to use Karl Polanyi's (1944: 71-80) formulation, may be deemed as a "fictitious commodity" or a commodity not in the economic sense of the term. The concept of "giving" as an altruistic gesture that involves no expectations of moral or financial reward generally opens up discussions on the gift/Market divide that has been indicated by Richard Titmuss (1970) in his



deliberation on the unpaid, voluntary nature of blood donation in the UK. Titmuss's argument in defence of the practice of blood donations as opposed to market transactions in blood was that market-driven accumulation of blood would compromise the "right to give" through an interference with self-interest calculations and dismantle the system of values on which altruistic donation was based.

Kenneth Arrow (1972) accepted the moral superiority of the unpaid system and trust-based claims that would induce "giving" in the nature of altruism, but maintained that a combination of market and giving was by no means provocative or derogatory to the altruistic intent. Robert Solow (1971) also identified the pragmatism in using blood both *given* and *sold* and was in favour of assessing the institutional influences on the motivations of donors. Accordingly, he suggested that a study conducted during a blood donation programme in Harvard University proved in no way that students who abstained from giving blood were concerned with the provision of selling their blood for money. In fact, studies on the supply demand aspect of blood/human organs have- emphasised the need for complementary profit-based systems in blood/organ collection and the role of social constructions in determining the institutional facilitation of "giving" .

What can be derived from this crucial discourse on the optimal organisation and ethical implications of mobilising essential medical components such as blood, organs, or womb and gametes, for example, as pertains to our discussion, is that a well-regulated market in such resources should be made available alongside altruistic alternatives, if a crisis in the policy on industry-based, technology-aided reproductive solutions is to be avoided.

Interestingly, the idea of altruism that has been floating around in connection with surrogacy would make an unanticipated turn if we take a departure from the philosophical discourse and focus on its implications in the biological sciences. For instance, in reproductive biology, altruism may refer to the "loss" of individual fitness of the donor (or the *giver* in the Titmussian sense) in an effort to ensure the well-being or fitness of the recipient. This concept of altruism is lodged within the ideas of kin selection and finds a further ramification in the theory of reciprocal altruism. Reciprocal altruism argues that an individual might engage in an altruistic act if there was a high probabilistic expectation of being helped by the recipient at some later stage. The purpose of



introducing these concepts to fold the discussion on altruism in surrogacy is to point to the fact that the altruistic project in intimate bilateral (and biological) exchanges involving procreation, can possibly imbibe some characteristics of natural altruism, where the elements of "individual loss" or commensurate "reciprocity" are bound to further problematise outcomes in surrogacy arrangements. "Individual loss," in this case, may result in a "close female relative" committing to surrogacy in the manner of a thankless engagement or an onus upon a woman that explains a preposterous double-bind in reproduction and its social pressures of giving birth on behalf of a less fortunate relation (the margin of reproductive obligation being amplified from the self to the family). Whereas "reciprocity" can spell equally disastrous consequences, in terms of futuristic expectations and gratification of hierarchical structures within the family.

For instance, Rama Sarkar, another supervisor in surrogacy agreements tries to indicate the irrevocable mishandling of the ownership and relational questions within the ambit of the family, when she says:

